പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 770 — 23.07.2012 ൽ മറുപടിക്ക്

## റെന്റ് എ കാർ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) റെന്റ് - എ - കാർ സംവിധാനം സാമൂഹ്യവിരുദ്ധരും വാടകകൊലയാളികളും ദുരുപയോഗപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന മോട്ടോർ വാഹനവകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള റെന്റ് - എ - കാർ സംവിധാനം ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലൈസൻസ് ഇല്ലാതെ റെന്റ് - എ - കാർ നൽകുന്നതിൽ നിന്നും പലപ്പോഴും മോഷണങ്ങൾ ഉൾപ്പെടെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം നിരീക്ഷിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ആഭ്യന്തരവകുപ്പ് നടത്തുന്നുണ്ടോ;<br>(സി) ക്രിമിനലുകളും, മോഷ്ടാക്കളും റെന്റ് - എ - കാർ സംവിധാനം ദുരുപയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | റെന്റ് - എ - കാർ വിഭാഗത്തിലുള്ള വാഹനമായാലും അല്ലെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന വാഹനങ്ങളെ ഒരേ രീതിയിലാണ് പോലീസ് കണക്കാക്കുന്നത്. 12.06.1989 ലെ കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായാണ് റെന്റ്-എ- കാർ പദ്ധതി രാജ്യവ്യാപകമായി നിലവിൽ വന്നത്. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ നിയമനിർമ്മാണമോ ഭേദഗതിയോ വരുത്തേണ്ടത് ആവശ്യമായി തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ